# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 170** — 10-03-2020-ൽ മറുപടി നൽകേണ്ടത്

## വിദ്യാർത്ഥി രാഷ്ട്രീയം സംബന്ധിച്ച കേരള ഹൈക്കോടതി വിധി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. പി. ടി. തോമസ്**<br>**ശ്രീ. വി. ഡി.സതീശൻ**<br>**ശ്രീ. വി.ടി.ബൽറാം**<br>**ശ്രീ. ഷാഫി പറമ്പിൽ** | : | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |

| | | | |
|---|---|---|---|
| എ) | സ്കൂളുകളിലും കോളേജുകളിലും വിദ്യാർത്ഥി സംഘടനകളുടെ യോഗങ്ങൾ, സമരം, ധർണ്ണ, പ്രകടനം, ഘെരാവോ എന്നിവ നിരോധിച്ചുകൊണ്ട് കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | രാജ്യത്ത് നിലനിൽക്കുന്ന സ്ഥിതിവിശേഷം കണക്കിലെടുക്കുമ്പോൾ ഈ കോടതി വിധി വിദ്യാർത്ഥികളുടെ മൗലികാവകാശം സംരക്ഷിക്കുന്നതിന് സഹായകമാണെന്ന് വിലയിരുത്തുന്നുണ്ടോ; | ബി) | ഇല്ല. |
| സി) | സംസ്ഥാനത്ത് വിദ്യാർത്ഥി രാഷ്ട്രീയം അനുവദിച്ചുകൊണ്ട് നിയമനിർമ്മാണം നടത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിരുന്നോ; എങ്കിൽ ഹൈക്കോടതി വിധി പ്രസ്തുത നടപടികളെ എപ്രകാരം ബാധിക്കും എന്നറിയിക്കാമോ; | സി) | സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ അടക്കമുള്ള കലാലയങ്ങളിൽ വിദ്യാർത്ഥി യൂണിയനുകൾ രൂപീകരിക്കുന്നതിനും അവയ്ക്ക് വിദ്യാർത്ഥികളുടെ നീതി പൂർവ്വമായ താൽപര്യങ്ങളും അക്കാദമികമായ ആവശ്യങ്ങളും സംരക്ഷിക്കുന്നതിനുള്ള പ്രവർത്തന സ്വാതന്ത്ര്യം നൽകുവാൻ ഉദ്ദേശിച്ചുള്ള ഒരു ബില്ല് രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| ഡി) | സമൂഹത്തെ ബാധിക്കുന്ന വിഷയങ്ങളിൽ ശബ്ദമുയർത്തുവാനും പ്രതിഷേധിക്കുവാനുമുള്ള വിദ്യാർത്ഥികളുടെ അവകാശത്തെ പ്രസ്തുത കോടതി വിധി ഇല്ലാതാക്കുമെന്നതിനാൽ ഇതിനെതിരെ അപ്പീൽ നൽകുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ? | ഡി) | നിയമ ഉപദേശം തേടുന്നതാണ്. |

**സെക്ഷൻ ഓഫീസർ**